




# വിരുദ്ധതാല്പര്യങ്ങൾ മനസ്സിലാക്കുക

## വിവരപത്രം

**വിരുദ്ധതാല്പര്യങ്ങൾ പ്രസ്താവിക്കാതിരിക്കുകയോ നിയന്ത്രിക്കാതെ വിടുകയോ ചെയ്താൽ അത് തൊഴിലിടങ്ങളിലുള്ള അഴിമതിയ്ക്കും തെറ്റായ പെരുമാറ്റരീതികൾക്കും വഴിതുറക്കും.**

**എങ്ങനെയാണ് വിരുദ്ധതാല്പര്യങ്ങൾ തിരിച്ചറിയുകയും പ്രസ്താവിക്കുകയും നിയന്ത്രണത്തിൽ കൊണ്ടുവരുകയും ചെയ്യുക എന്ന് പൊതുമേഖലയിലുള്ള എല്ലാവരും അറിഞ്ഞിരുന്നാൽ അതു കാരണമായി ഉണ്ടാകാവുന്ന അപകടസാദ്ധ്യതകൾ കുറയ്ക്കുവാൻ സഹായിക്കും.**

### വിരുദ്ധതാല്പര്യം എങ്ങനെ തിരിച്ചറിയാം

പൊതുമേഖലയിൽ പ്രധാനമായും മൂന്നു തരത്തിലുള്ള വിരുദ്ധതാല്പര്യങ്ങളാണ് കണ്ടുവരുന്നത്.

ഒന്ന്, **വാസ്തവമായ** ഒരു വിരുദ്ധതാല്പര്യമാണ്. പൊതുമേഖലാ ഉദ്യോഗസ്ഥരുടെ കടമകൾക്ക് അവരുടെ സ്വകാര്യതാല്പര്യങ്ങളുമായി സംഘർഷമുണ്ടാകുമ്പോഴാണ് ഇതു സംഭവിക്കുന്നത്.

രണ്ട്, സംഭവിക്കാൻ വളരെ **സാദ്ധ്യതയുള്ള** ഒരു വിരുദ്ധതാല്പര്യമാണ്. പൊതുമേഖലാ ഉദ്യോഗസ്ഥരുടെ കടമകൾ അവരുടെ സ്വകാര്യതാല്പര്യങ്ങളുമായി സംഘർഷം ഉണ്ടാകുവാനും അവരുടെ പ്രവൃത്തികളെ അത് സ്വാധീനിക്കുവാനുമുള്ള സാദ്ധ്യത നിലനിൽക്കുന്നുണ്ടെങ്കിലാണ് ഇത് സംഭവിക്കുന്നത്.

മൂന്ന്, **പ്രത്യക്ഷമായ** ഒരു വിരുദ്ധതാല്പര്യമാണ്. വ്യക്തിയുടെ സ്വകാര്യതാല്പര്യങ്ങൾ പൊതുമേഖലാ ഉദ്യോഗസ്ഥർ എന്ന നിലയിൽ അവരുടെ കടമനിർവ്വഹണത്തെ തെറ്റായ രീതിയിൽ സ്വാധീനിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് പൊതുജനങ്ങൾക്കോ മൂന്നാമതൊരാൾക്കോ തോന്നുമ്പോഴാണ് ഇത് സംഭവിക്കുന്നത്.

## വിരുദ്ധതാല്പര്യം എങ്ങനെ നിയന്ത്രിക്കാം

വിരുദ്ധതാല്പര്യങ്ങൾ നിയന്ത്രിക്കുന്നതിന്റെ ആദ്യപടി ഉദ്യോഗസ്ഥരും മാനേജർമാരും തമ്മിലുള്ള തുറന്ന ആശയവിനിമയമാണ്. വ്യത്യസ്തമായ സാഹചര്യങ്ങളും സന്ദർഭങ്ങളും നിങ്ങൾക്കു വ്യക്തതയോടെ അറിയുവാൻ കഴിഞ്ഞാൽ വിരുദ്ധതാല്പര്യങ്ങൾ എന്താണ് എന്നു കൂടുതൽ നന്നായി തിരിച്ചറിയുവാനും അവ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് മനസ്സിലാക്കുവാനും നിങ്ങൾക്ക് സാധിക്കും.

വിരുദ്ധതാല്പര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഓരോ സ്ഥാപനങ്ങൾക്കും വ്യത്യസ്തമായ നയങ്ങളും നടപടിക്രമങ്ങളും ഉണ്ട്. സംഭവിക്കാൻ സാദ്ധ്യതയുള്ള വിരുദ്ധതാല്പര്യങ്ങൾ പതിവായി ചർച്ച ചെയ്ത് അവലോകനം ചെയ്യുവാനുള്ള ഉത്തരവാദിത്വം മാനേജർമാർക്കുണ്ട്. വിരുദ്ധതാല്പര്യങ്ങൾ സംബന്ധിച്ച് സ്ഥാപനങ്ങൾക്ക് വ്യക്തമായ നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ അവയുടെ തിരിച്ചറിയൽ, പ്രസ്താവം, നിയന്ത്രണം, എന്നിവയെക്കുറിച്ചുള്ള പ്രതീക്ഷകളും നിശ്ചയിച്ചുറപ്പിക്കണം.

പൊതുമേഖലാ ഉദ്യോഗസ്ഥർ എന്ന നിലയിൽ നിങ്ങൾ എപ്പോഴും നിങ്ങളുടെ സ്വകാര്യതാല്പര്യങ്ങൾക്കും വ്യക്തിബന്ധങ്ങൾക്കും ബാഹ്യമായ പ്രേരണകൾക്കും ഉപരിയായി പൊതുജനതാല്പര്യമാണ് ആണ് പരിഗണിക്കേണ്ടത്.

## പലപ്പോഴും ചോദിക്കപ്പെടുന്ന ചോദ്യങ്ങൾ

### ചോ: വിരുദ്ധതാല്പര്യമുള്ള പൊതുമേഖലാ ഉദ്യോഗസ്ഥർ സ്വാഭാവികമായും അഴിമതിയുള്ളവരായി പരിഗണിക്കപ്പെടുമോ?

ഉ: വിരുദ്ധതാല്പര്യങ്ങൾ സ്വാഭാവികമായും അഴിമതി സഹജമല്ല. അവ തിരിച്ചറിയുവാനും പ്രസ്താവിക്കുവാനും നിയന്ത്രിക്കുവാനും നമ്മൾ പരാജയപ്പെടുമ്പോഴാണ് അഴിമതിക്കുള്ള അപകടസാദ്ധ്യത ഉണ്ടാകുന്നത്.

### ചോ: എന്റെ മാനേജരോട് അതു പറയുക എന്നതു മാത്രമാണോ ഞാൻ ചെയ്യേണ്ടത്?

ഉ: ഇത് വിരുദ്ധതാല്പര്യങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഒരു പ്രധാന ആദ്യപടി ആകുമ്പോഴും, അത് ശരിയായ രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും നിയന്ത്രണത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും കൂടി നിങ്ങൾ ഉറപ്പാക്കണം. നിയന്ത്രണത്തിനുള്ള പദ്ധതിയിൽ, വിരുദ്ധതാല്പര്യം എങ്ങനെയാണ് നിയന്ത്രിക്കപ്പെടുക, അതിനുള്ള അപകടസാദ്ധ്യതകൾ എങ്ങനെയാണു കുറയ്ക്കുക എന്നിവയുടെ രൂപരേഖ ഉണ്ടായിരിക്കും.

### ചോ: എന്റെ സ്വകാര്യതാല്പര്യങ്ങൾ എന്റെ പദവിയിൽ പ്രസക്തമാണോ?

ഉ: പൊതുമേഖലാ ഉദ്യോഗസ്ഥർക്ക് അവരുടേതായ സ്വകാര്യജീവിതത്തിനുള്ള അവകാശമുണ്ട്, എങ്കിലും അവർ അവരുടെ ജോലി ഉത്തരവാദിത്വത്തോടു കൂടിയും നിഷ്പക്ഷമായ രീതിയിലും പൊതുജനതാല്പര്യം മുൻനിർത്തിയും ചെയ്യേണ്ടതാണ്.

വാസ്തവമായ ഒരു വിരുദ്ധതാല്പര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ, പൊതുമേഖലാ ഉദ്യോഗസ്ഥർക്ക് അവരുടെ സ്വകാര്യതാല്പര്യത്തിലുള്ള അറിവും ആത്മാർത്ഥതയും അവരുടെ പൊതു ഉത്തരവാദിത്വങ്ങളിൽ നിന്നും അകറ്റി നിറുത്തുക എന്നത് വളരെയധികം പ്രയാസമാണ്. പൊതുമേഖലാ ഉദ്യോഗസ്ഥരുടെ പ്രവൃത്തികളെ അവരുടെ താല്പര്യങ്ങൾ ബോധപൂർവ്വമല്ലാതെ തന്നെ സ്വാധീനിക്കുവാൻ ഇടയുണ്ട്.

പരിശീലനവും നിവാരണവും

ibac | Strengthening Victoria's Integrity

## ചോ: വിരുദ്ധതാല്പര്യം പരിഗണിക്കുന്നതിനേക്കാൾ ജോലി ചെയ്തുതീർക്കുക എന്നതല്ലേ കൂടുതൽ പ്രധാനം?

ഉ: ജോലി ചെയ്തുതീർക്കുക എന്നു വെച്ചാൽ 'എന്ത് വില കൊടുത്തും' അത് ചെയ്യുക എന്നല്ല. നിങ്ങളുടെ ആദ്യ മുൻഗണന പൊതുജനതാല്പര്യം അനുസരിച്ചു പ്രവർത്തിക്കുക എന്നതാണ്. ഇതിന്റെ അർത്ഥം വിരുദ്ധതാല്പര്യങ്ങളെക്കുറിച്ച് സുതാര്യമായിരിക്കുക എന്നാണ്.

## ചോ: എല്ലാ തരത്തിലുമുള്ള വിരുദ്ധതാല്പര്യങ്ങൾ ഒഴിവാക്കാൻ സാധിക്കുമോ?

ഉ: നിർഭാഗ്യവശാൽ, ചില സംഘർഷങ്ങൾ ഒഴിവാക്കാൻ കഴിയുകയില്ല. ചില സന്ദർഭങ്ങളിൽ, ഉദാഹരണത്തിന് ഉൾനാടൻ പ്രദേശങ്ങളിലും പ്രാദേശിക മേഖലകളിലും നടക്കുന്ന നിയമന പ്രക്രിയകളിലും, അല്ലെങ്കിൽ ചില പ്രത്യേക പദവികൾക്ക് അപേക്ഷകരുടെ എണ്ണം വളരെ പരിമിതമായ സാഹചര്യത്തിലും വിരുദ്ധതാല്പര്യങ്ങൾ ഒരുമിച്ച് ഉണ്ടായെന്നു വരാം. എങ്കിലും ഇവ രേഖപ്പെടുത്തുകയും ഒരു നിയന്ത്രണ പദ്ധതി തയാറാക്കുകയും ചെയ്യുക എന്നത് പ്രധാനമാണ്.

പരിശീലനവും നിവാരണവും

# അഴിമതി എപ്പോൾ കണ്ടാലും അത് റിപ്പോർട്ട് ചെയ്യുക എന്നത് നിങ്ങളുടെ കടമയാണ്.

**നിങ്ങളുടെ ജോലിസ്ഥലത്ത് വിരുദ്ധതാല്പര്യങ്ങൾ ശരിയായ രീതിയിൽ പ്രസ്താവിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നില്ല എന്നു നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ, നിങ്ങൾ അത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.**

റിപ്പോർട്ട് ചെയ്യുവാൻ സുരക്ഷിതമായ ഓൺലൈൻ ഫോറം പൂരിപ്പിക്കുന്നതിന് സന്ദർശിക്കുക **www.ibac.vic.gov.au**

നിങ്ങൾക്ക് ഓൺലൈൻ ഫോറം തുറക്കാൻ സാധിക്കുന്നില്ലെങ്കിൽ കൂടുതൽ സഹായത്തിനായി **1300 735 135** എന്ന നമ്പറിൽ ഞങ്ങളെ വിളിക്കുക.

Interpreter

നിങ്ങൾക്ക് വിവർത്തനസഹായം ആവശ്യമുണ്ടെങ്കിൽ **13 14 50** എന്ന നമ്പറിൽ പരിഭാഷാ-ആഖ്യാന സേവനവുമായി ബന്ധപ്പെടുക, അല്ലെങ്കിൽ **www.ibac.vic.gov.au/mylanguage** സന്ദർശിക്കുക

ibac | Strengthening Victoria's Integrity